# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1942      08.06.2018 ൽ മറുപടിയ്ക്ക്

### സ്വകാര്യ സ്കൂൾ വാഹനങ്ങളുടെ പരിശോധന

| ചോദ്യം<br><br>ശ്രീ.പി ഉണ്ണി | | ഉത്തരം<br><br>ശ്രീ. എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | അദ്ധ്യയന വർഷം ആരംഭിക്കുന്നതിന്റെ മുന്നോടിയായി സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനും മറ്റുമായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച്, സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റിവരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ആട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും, അമിതമായി കുട്ടികളെ കയറ്റിവരുന്ന വാഹനങ്ങളുടെ പെർമിറ്റും ഡ്രൈവർമാരുടെ ലൈസൻസും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഉടനീളം സുരക്ഷാ പരിശോധന നടത്തിയ എല്ലാ സ്കൂൾ ബസുകൾക്കും കുട്ടികളുടെ സുരക്ഷ എന്ന സേഫ്റ്റി സ്റ്റിക്കർ പതിക്കുന്നതിനും സ്റ്റിക്കർ പതിക്കാത്ത വാഹനങ്ങൾ ഒന്നും തന്നെ കുട്ടികളെ കയറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ |

| | | | |
|---|---|---|---|
| | | | പരിശോധന പൂർത്തിയാക്കി സ്റ്റിക്കർ പതിച്ച വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളുടെ വിശദാംശം ശേഖരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗതാഗത വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ . സ്ഥാപനങ്ങളിലെ കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി ജോയിന്റ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർ ഒറ്റപ്പാലത്തിന് നൽകണമെന്നും ആയതിന് ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തണമെന്നും പ്രധാന അദ്ധ്യാപകന്/ അദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പട്ടികയിൽ ഉൾപ്പെട്ട വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം, ആറ്റിങ്ങൽ | 1803 |
| കൊല്ലം | 1236 |
| പത്തനംതിട്ട | 820 |
| ആലപ്പുഴ | 420 |
| കോട്ടയം | 768 |
| ഇടുക്കി | 251 |
| എറണാകുളം, മൂവാറ്റുപുഴ | 7800 |
| തൃശ്ശൂർ | 1278 |
| പാലക്കാട് | 1188 |
| മലപ്പുറം | 1031 |
| കോഴിക്കോട്, വടകര | 1469 |
| കണ്ണൂർ | 300 |
| വയനാട് | 869 |
| കാസർകോട് | 573 |
| ആകെ | **19806** |

സെക്ഷൻ ഓഫീസർ